I. ഇ.ബി. XV1-കേരള നിയമസഭ/I-2

## പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

## നിയമസഭാ നടപടികൾ-സംഗ്രഹം

2026 മേയ് 22, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട പ്രോട്ടെം സ്പീക്കർ ശ്രീ. ജി. സുധാകരന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### സ്പീക്കർ തിരഞ്ഞെടുപ്പ്

പ്രോട്ടെം സ്പീക്കർ (ശ്രീ. ജി. സുധാകരൻ): നിയമസഭാ സ്പീക്കറായി തിരഞ്ഞെടുക്കപ്പെടുന്നതിന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെയും ശ്രീ. എ. സി. മൊയ്തീനിന്റെയും ശ്രീ. ബി. ബി. ഗോപകുമാറിന്റെയും പേരുകൾ നിർദേശിച്ചുകൊണ്ടുള്ള നാമനിർദേശ പത്രികകൾ ലഭിച്ചിട്ടുണ്ട്. പരിശോധനയിൽ നാമനിർദേശ പത്രികകളെല്ലാം നിയമാനുസൃതമാണ്. ഒന്നിലധികം അംഗങ്ങൾ സ്പീക്കർ സ്ഥാനത്തേക്ക് നിർദേശിക്കപ്പെട്ടിരിക്കുന്നതിനാൽ നിയമസഭ വോട്ടെടുപ്പിലൂടെ സ്പീക്കറെ തിരഞ്ഞെടുക്കുന്നതാണ്.

(വോട്ടെടുപ്പ് ആരംഭിക്കുകയും നിയമസഭാ സെക്രട്ടറി-ഇൻ-ചാർജ് ശ്രീ. ഷാജി സി. ബേബി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശൻ മുതൽ ഇരിപ്പിടക്രമത്തിൽ നിരയായി അംഗങ്ങളുടെ പേര് വിളിക്കുകയും അംഗങ്ങൾ ഓരോരുത്തരായി വന്ന് ബാലറ്റ് പേപ്പർ വാങ്ങി ഡയസ്സിൽ പ്രത്യേകം സജ്ജമാക്കിയിരുന്ന രണ്ട് ബൂത്തുകളിലായി വോട്ട് രേഖപ്പെടുത്തി ബാലറ്റ് പെട്ടിയിൽ നിക്ഷേപിച്ചശേഷം തിരികെയെത്തി സ്വസ്ഥാനത്ത് ഉപവിഷ്ടരാകുകയും ചെയ്തു. സ്പീക്കർ സ്ഥാനാർഥികളായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. എ. സി. മൊയ്തീൻ, ശ്രീ. ബി. ബി. ഗോപകുമാർ എന്നിവർ വോട്ടെടുപ്പിൽ പങ്കെടുത്തു. പ്രോട്ടെം സ്പീക്കർ ശ്രീ. ജി. സുധാകരൻ വോട്ടെടുപ്പിൽ പങ്കെടുത്തില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ ഏജന്റ് ശ്രീ. അൻവർ സാദത്ത്, ശ്രീ. എ. സി. മൊയ്തീനിന്റെ ഏജന്റ് ശ്രീ. സി. കെ. ഹരീന്ദ്രൻ, ശ്രീ. ബി. ബി. ഗോപകുമാറിന്റെ ഏജന്റ് ശ്രീ. വി. മുരളീധരൻ എന്നിവരുടെ സാന്നിധ്യത്തിൽ വോട്ടെണ്ണൽ നടന്നു.)

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് 101 വോട്ടുകളും ശ്രീ. എ. സി. മൊയ്തീന് 35 വോട്ടുകളും ശ്രീ. ബി. ബി. ഗോപകുമാറിന് 3 വോട്ടുകളും ലഭിച്ചതായും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ നിയമസഭാ സ്പീക്കറായി തിരഞ്ഞെടുത്തതായും പ്രോട്ടെം സ്പീക്കർ പ്രഖ്യാപിച്ചു. പുതിയ സഭാധ്യക്ഷനെ അധ്യക്ഷസ്ഥാനം അലങ്കരിക്കുന്നതിനായി പ്രോട്ടെം സ്പീക്കർ ക്ഷണിച്ചു.

മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശനും പ്രതിപക്ഷനേതാവ് ശ്രീ. പിണറായി വിജയനും ചേർന്ന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ അധ്യക്ഷവേദിയിലേക്ക് ആനയിച്ചു.

(ബഹുമാനപ്പെട്ട സ്പീക്കർ അധ്യക്ഷവേദിയിൽ ഉപവിഷ്ടനായി.)

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): പതിനാറാം കേരള നിയമസഭയുടെ നാഥനായി തിരഞ്ഞെടുക്കപ്പെട്ട അങ്ങയെ അഭിനന്ദിക്കുന്നു. 1991 മുതൽ 2011 വരെ അടൂർ നിയോജകമണ്ഡലത്തെയും തുടർന്ന് കോട്ടയം നിയോജകമണ്ഡലത്തെയും പ്രതിനിധീകരിച്ച് നിയമസഭാംഗമാവുകയും സാമാജികനെന്ന നിലയിൽ നിയമസഭയ്ക്കകത്തും പുറത്തും അർപ്പണബോധത്തോടുകൂടി പ്രവർത്തിക്കുകയും കൃത്യനിഷ്ഠയോടെ സഭാസമ്മേളനങ്ങളിൽ പങ്കെടുക്കുകയും ചെയ്ത ജനപ്രതിനിധിയാണ് അങ്ങ്. വിവിധ മന്ത്രിസഭകളിലായി ആഭ്യന്തരം ഉൾപ്പെടെ 17 വകുപ്പുകളുടെ ചുമതല വഹിച്ചതും വിദ്യാർഥി രാഷ്ട്രീയം മുതലുള്ള ദീർഘകാലത്തെ രാഷ്ട്രീയ പാരമ്പര്യവുമാണ് അങ്ങയെ കേരള നിയമസഭയുടെ നാഥൻ എന്ന പദവിയിലെത്തിച്ചത്. സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കുംവേണ്ടി ഒരിക്കൽക്കൂടി അങ്ങയെ അഭിനന്ദിച്ചുകൊണ്ട് നിർത്തുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. പിണറായി വിജയൻ): കേരള നിയമസഭാ സ്പീക്കറായി തിരഞ്ഞെടുക്കപ്പെട്ട അങ്ങയെ അഭിനന്ദിക്കുന്നു. സുദീർഘമായ നിയമസഭാ പരിചയവും വിവിധ വകുപ്പുകളുടെ ചുമതല വഹിച്ച മന്ത്രിയെന്ന നിലയിലുള്ള അനുഭവസമ്പത്തും അങ്ങയെ പ്രഗത്ഭനായ സഭാധ്യക്ഷനാക്കി മാറ്റുമെന്ന് പ്രത്യാശിക്കുന്നു. 1991 മുതൽ തുടർച്ചയായി നിയമസഭാംഗമാകുകയും സഭയുടെ അന്തസ്സ് ഉയർത്തിപ്പിടിക്കുകയും ചെയ്ത അങ്ങേയ്ക്ക് സ്വാതന്ത്ര്യത്തിന്റെയും നിഷ്പക്ഷതയുടെയും പതാകവാഹകനായിനിന്ന് സഭയെ നയിക്കാനും ജനവികാരം സഭയിൽ നിർഭയമായി പ്രതിഫലിപ്പിക്കാനുള്ള പ്രതിപക്ഷാവകാശങ്ങളെ പരിരക്ഷിക്കാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. അങ്ങേയ്ക്ക് എല്ലാവിധ സഹകരണവും പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് വാഗ്ദാനം ചെയ്യുന്നതോടൊപ്പം എല്ലാവിധ ഭാവുകങ്ങളും ആശംസിക്കുന്നു.

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): രാജ്യത്തിനുതന്നെ മാതൃകയായ നിരവധി നിയമനിർമ്മാണങ്ങൾക്കും പരിവർത്തനങ്ങൾക്കും നേതൃത്വം കൊടുത്ത കേരള നിയമസഭയുടെ അധ്യക്ഷനാകാൻ സാധിച്ച അങ്ങയെ അഭിനന്ദിക്കുന്നു. സരസത നിറഞ്ഞ ശാസനയിലൂടെയായിരിക്കും അങ്ങ് സഭയെ നിയന്ത്രിക്കുകയെന്ന് കരുതുന്നു. ആഭ്യന്തര വകുപ്പുൾപ്പെടെ വിവിധ വകുപ്പുകൾ കൈകാര്യം ചെയ്തിരുന്ന അങ്ങേയ്ക്ക് നിഷ്പ്രയാസത്തോടെയും നിഷ്പക്ഷതയോടെയും നിയമസഭയെ നയിക്കാനുള്ള പരിചയസമ്പത്തുണ്ട്. പൊതുപ്രവർത്തനരംഗത്തേക്ക് വരുന്നവർക്ക് അങ്ങയുടെ പ്രവർത്തനരീതി മാതൃകാപരമാണ്. അങ്ങേയ്ക്ക് എല്ലാവിധ ഭാവുകങ്ങളും ആശംസിക്കുന്നു.

ശ്രീ. കെ. രാജൻ: പതിനാറാം കേരള നിയമസഭയുടെ നാഥനായി തിരഞ്ഞെടുക്കപ്പെട്ട അങ്ങയെ അഭിനന്ദിക്കുന്നതോടൊപ്പം പ്രതിപക്ഷത്തുനിന്നുള്ള എല്ലാവിധ പിന്തുണയും അറിയിക്കുന്നു. ക്രിയാത്മക പ്രതിപക്ഷമായി പ്രവർത്തിക്കുമ്പോൾ സൗമനസ്യത്തോടെയുള്ള ഇടപെടൽ അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകുമെന്നും പ്രതിപക്ഷാംഗങ്ങളുടെ പ്രധാന സംരക്ഷകനായിരിക്കുമെന്നുമുള്ള പ്രതീക്ഷയാണുള്ളത്. അങ്ങയുടെ അനുഭവസമ്പത്തും പാരമ്പര്യവും ഈ നിയമനിർമ്മാണസഭയ്ക്ക് കൂടുതൽ പ്രശംസയും പ്രശസ്തിയും ലഭിക്കാൻ സഹായകമാകട്ടെയെന്നും നിഷ്പക്ഷതയോടെ പ്രവർത്തിക്കാൻ അങ്ങേയ്ക്ക് സാധിക്കട്ടെയെന്നും ആശംസിക്കുന്നു.

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): കേരള നിയമസഭയുടെ പുതിയ സ്പീക്കറായി തിരഞ്ഞെടുക്കപ്പെട്ട അങ്ങയെ അഭിനന്ദിക്കുന്നു. നിയമസഭയ്ക്കകത്തും പുറത്തും എല്ലാവരോടും സ്നേഹപൂർവം പെരുമാറുകയും തലമുറവ്യത്യാസമില്ലാതെ എല്ലാവരെയും പരിഗണിക്കുകയും ചെയ്യുന്ന അങ്ങയുടെ നിലപാടുകളും സമീപനങ്ങളും അഭിനന്ദനാർഹമാണ്. അങ്ങയുടെ പ്രവർത്തനമണ്ഡലങ്ങളിലെല്ലാം നീതിപൂർവമായി പ്രവർത്തിക്കാനുള്ള ഭാഗ്യമുണ്ടാകട്ടെയെന്ന് ആശംസിക്കുന്നു.

ശ്രീ. രാജീവ് ചന്ദ്രശേഖർ: പതിനാറാം കേരള നിയമസഭയുടെ സ്പീക്കറായി തിരഞ്ഞെടുക്കപ്പെട്ട അങ്ങയെ അഭിനന്ദിക്കുന്നു. സഭയിൽ അംഗങ്ങൾക്കെല്ലാം തുല്യപ്രാധാന്യം നൽകിക്കൊണ്ട് ജനങ്ങളുടെ പ്രശ്നങ്ങൾ അവതരിപ്പിക്കാൻ അവസരം നൽകണം. അങ്ങയുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ വികസനത്തിലേക്ക്

കൊണ്ടുപോകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതോടൊപ്പം ഞങ്ങളുടെ പൂർണ്ണ സഹകരണമുണ്ടാകുമെന്നും ഉറപ്പുനൽകുന്നു.

വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): പതിനാറാം കേരള നിയമസഭയുടെ നാഥനായി തിരഞ്ഞെടുക്കപ്പെട്ട അങ്ങയെ അഭിനന്ദിക്കുന്നു. വളരെ അപൂർവമായിട്ടാണ് വ്യത്യസ്ത മേഖലകളിൽ പ്രവർത്തിച്ച മുതിർന്ന ഒരംഗം സഭാനാഥനാകുന്നത്. രാഷ്ട്രീയ പ്രസംഗങ്ങളുടെ വേദിയായി മാത്രം മാറാതെ സഭാചട്ടങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് ചർച്ചകളുടെ നിലവാരമുയർത്താൻ അങ്ങയിലൂടെ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഒരിക്കൽക്കൂടി അങ്ങയെ അനുമോദിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. പി. കെ. പ്രവീൺ: പതിനാറാം കേരള നിയമസഭയുടെ നാഥനായി തിരഞ്ഞെടുക്കപ്പെട്ട അങ്ങേയ്ക്ക് ആശംസകൾ നേരുന്നു. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവരെയും ചേർത്തുപിടിച്ച് മുന്നോട്ടുപോകുകയും നവാഗതർക്ക് അങ്ങയുടെ എല്ലാ പിന്തുണയും നൽകുകയും വേണം. സമത്വ ഭാവനയോടുകൂടി അംഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാനും സഭയുടെ നടപടിക്രമങ്ങളിൽ പൊതുജനങ്ങളിൽ മതിപ്പുളവാക്കാനും അങ്ങേയ്ക്ക് സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സഭാനാഥനായി തിരഞ്ഞെടുക്കപ്പെട്ട അങ്ങയെ അഭിനന്ദിക്കുന്നു. അംഗങ്ങളുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ട് മുന്നോട്ടുപോകാൻ അങ്ങേയ്ക്ക് കഴിയുമെന്ന് എനിക്ക് ഉറപ്പുണ്ട്. നർമ്മം കലർന്ന അങ്ങയുടെ ശക്തമായ നിലപാടുകൾ സഭയിൽ പുതിയ ചരിത്രം സൃഷ്ടിക്കും. ഇന്ത്യയിലെ ഏറ്റവും മാതൃകാപരമായ നിയമസഭയുടെ സ്പീക്കറായി ചുമതലയേറ്റ അങ്ങേയ്ക്ക് എല്ലാവിധ ആശംസകളും നേരുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. സി. പി. ജോൺ): നിയമസഭാ സ്പീക്കറായി ചുമതലയേറ്റ അങ്ങയെ അഭിനന്ദിക്കുന്നു. എപ്പോഴും സുസ്മേരവദനനായി കാണപ്പെടുമെങ്കിലും യാതൊരു വിട്ടുവീഴ്ചയുമില്ലാതെ ദൃഢചിത്തനായി പ്രവർത്തിക്കുന്ന വ്യക്തിയാണ് അങ്ങ്. പ്രതിപക്ഷത്തിന്റെ ഉൾപ്പെടെ സഭയുടെയാകെ അവകാശങ്ങൾ സംരക്ഷിക്കാനുള്ള അധികാരത്തിന്റെ ചെങ്കോൽ അങ്ങയുടെ കൈവശമാണ്. നിരവധി പുരോഗമന നിയമനിർമ്മാണങ്ങൾ നടത്തിയ സഭയെ നയിക്കുന്ന അങ്ങേയ്ക്ക് ഒരു പുതിയ ചരിത്രംകൂടി

പതിനാറാം കേരള നിയമസഭയ്ക്കായി സൃഷ്ടിക്കാൻ സാധിക്കട്ടെയെന്ന് ആശംസിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീമതി കെ. കെ. രമ: പതിനാറാം കേരള നിയമസഭയുടെ നാഥനായി തിരഞ്ഞെടുക്കപ്പെട്ട അങ്ങയെ അഭിനന്ദിക്കുന്നു. പതിനേഴോളം വകുപ്പുകൾ കൈകാര്യം ചെയ്തിട്ടുള്ള അങ്ങേയ്ക്ക് പൊതു-പാർലമെന്ററി ജീവിതാനുഭവങ്ങളിലൂടെ ആർജിച്ച അറിവും കർമശേഷിയും നേതൃപാടവവും വിനിയോഗിച്ച് ഈ നിയമനിർമ്മാണ സഭയെ മഹനീയ ലക്ഷ്യത്തിലെത്തിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. അങ്ങേയ്ക്ക് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

ശ്രീ. എ. സി. മൊയ്തീൻ: പതിനാറാം കേരള നിയമസഭയുടെ സ്പീക്കറായി തിരഞ്ഞെടുക്കപ്പെട്ട അങ്ങയെ ഹൃദയപൂർവം അഭിനന്ദിക്കുന്നു. സഭാപ്രവർത്തനങ്ങളിൽ പൂർണ്ണസമയം പങ്കാളിയാകുകയും പഠിക്കുകയും ചെയ്യുന്ന രീതി അങ്ങ് ഇപ്പോഴും തുടരുന്നുവെന്നത് സവിശേഷതയാണ്. കേരള നിയമസഭ നിയമനിർമ്മാണ മേഖലയിൽ തുടർന്നുവരുന്ന മാതൃകാപരമായ പ്രവർത്തനങ്ങൾ അങ്ങയുടെ നേതൃത്വത്തിലും തുടരാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. അങ്ങ് പ്രതിപക്ഷത്തിരുന്ന് ഉന്നയിച്ച കാര്യങ്ങൾ നിലവിലെ പ്രതിപക്ഷത്തിനും അനുവദിക്കാനുള്ള ഹൃദയവിശാലത ഉണ്ടാകുമെന്ന പ്രതീക്ഷയോടുകൂടി എല്ലാ ഭാവുകങ്ങളും ആശംസിക്കുന്നു.

ശ്രീ. മാണി സി. കാപ്പൻ: പതിനാറാം കേരള നിയമസഭയുടെ സ്പീക്കറായി തിരഞ്ഞെടുക്കപ്പെട്ട അങ്ങയെ അഭിനന്ദിക്കുന്നു. പരിചയസമ്പന്നതയും സൗമ്യമായ പെരുമാറ്റവുംമൂലം നല്ലൊരു സ്പീക്കറാകാൻ അങ്ങേയ്ക്ക് കഴിയുമെന്ന് പ്രത്യാശിക്കുന്നു.

ശ്രീ. ബി. ബി. ഗോപകുമാർ: പരമോന്നത നിയമനിർമ്മാണ സഭയുടെ നാഥനായി ചുമതലയേറ്റ അങ്ങയെ അഭിനന്ദിക്കുന്നു. സ്പീക്കർ സ്ഥാനത്തേക്ക് മത്സരിക്കാനും അങ്ങയെ അഭിനന്ദിച്ചുകൊണ്ട് സംസാരിക്കാനും അവസരം ലഭിച്ചത് ഭാഗ്യമായി കരുതുന്നു. മൂന്നംഗങ്ങൾ മാത്രം ഉൾപ്പെടുന്ന പ്രതിപക്ഷം എന്നതിനപ്പുറം പറയുന്ന കാര്യങ്ങളുടെ പ്രസക്തികൂടി ഉൾക്കൊണ്ടുകൊണ്ട് എല്ലാ കാര്യങ്ങളും ഉന്നയിക്കാനുള്ള അവസരം നൽകണമെന്ന് പറഞ്ഞുകൊണ്ട് ഈ പരമോന്നത പദവിയിൽ ഏറ്റവും നല്ല നിലയിൽ ശോഭിക്കാൻ അങ്ങേയ്ക്ക് കഴിയട്ടെയെന്ന് ആശംസിക്കുന്നു.

മി. സ്പീക്കർ: പതിനാറാം കേരള നിയമസഭയുടെ അധ്യക്ഷനായി എന്നെ തിരഞ്ഞെടുത്തതിൽ നന്ദി രേഖപ്പെടുത്തുന്നു. എന്നിൽ നിക്ഷിപ്തമാക്കിയിട്ടുള്ള ഉത്തരവാദിത്വം സംരക്ഷിക്കാനും കേരള നിയമസഭയുടെ അന്തസ്സും നിഷ്പക്ഷതയും ഉയർത്തിപ്പിടിക്കാനും ആത്മാർഥതയോടെ പ്രവർത്തിക്കുമെന്ന് സഭയ്ക്ക് ഉറപ്പുനൽകുന്നു. പുതിയ പ്രതീക്ഷയും പ്രത്യാശയുമായി നിയമസഭയിലേക്ക് കടന്നുവന്ന നവാഗതരെ ഉൾപ്പെടെ എല്ലാ അംഗങ്ങളെയും സ്വാഗതം ചെയ്യുന്നതോടൊപ്പം ഭരണ-പ്രതിപക്ഷ ഭേദമില്ലാതെ എല്ലാവർക്കും തുല്യ നീതിയും അവസരവും ഉറപ്പാക്കുന്നതിന് പ്രതിജ്ഞാബദ്ധമായ നിലപാട് സ്വീകരിക്കുന്നതാണ്. സഭാ നടപടിക്രമങ്ങളുടെയും പ്രവർത്തനങ്ങളുടെയും അടിസ്ഥാനശിലയായ ഭരണഘടനയെക്കുറിച്ചുള്ള അവബോധവും ഉൾക്കാഴ്ചയും നിയമസഭയുടെ പ്രവർത്തനങ്ങളെ മികവുറ്റതാക്കുമെന്ന് പ്രത്യാശിക്കുന്നു. നിയമനിർമ്മാണ സഭയും എക്സിക്യൂട്ടീവും ജുഡീഷ്യറിയും മാധ്യമങ്ങളുമടങ്ങുന്ന ജനാധിപത്യ വ്യവസ്ഥയിൽ സംവാദങ്ങളിലും അഭിപ്രായ വൈവിധ്യത്തിലും സഹിഷ്ണുത കൈക്കൊള്ളേണ്ടത് അനിവാര്യമാണ്. പാർലമെന്ററി ജനാധിപത്യം വിജയപ്രദമാക്കുന്നതിന് ഭരണ-പ്രതിപക്ഷ കക്ഷികൾക്ക് തുല്യ ഉത്തരവാദിത്വമുള്ളതിനാൽ സഭയുടെ അന്തസ്സിനും മഹിമയ്ക്കും കോട്ടംതട്ടാതെ ജനങ്ങളുടെ പ്രതീക്ഷകൾ സാക്ഷാത്കരിക്കേണ്ടതാണ്. നിയമസഭാ സെക്രട്ടേറിയറ്റിന്റെ ഭരണപരവും സാമ്പത്തികപരവുമായ സ്വാതന്ത്ര്യം ഉറപ്പുവരുത്തുന്നതിന് ഗവൺമെന്റിന്റെയും ഭരണ-പ്രതിപക്ഷ അംഗങ്ങളുടെയും സഹകരണം പ്രതീക്ഷിക്കുന്നു. സഭാനടപടികൾ ജനങ്ങളിലേക്കെത്തിക്കുന്നതിന് മാധ്യമപ്രവർത്തകർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭ്യമാക്കുന്നതാണ്. മുൻ സ്പീക്കർമാരുടെ പാത പിന്തുടർന്ന് കാലാനുസൃതമായ നവീകരണങ്ങളിലൂടെ സഭയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമവും ജനസൗഹൃദവുമാക്കുന്നതിനും ജനാധിപത്യ പ്രക്രിയകളിൽ കുട്ടികളെയും സ്ത്രീകളെയും പങ്കാളികളാക്കുന്നതിന് റീച്ച് ഔട്ട് പദ്ധതികൾ കൊണ്ടുവരുന്നതിനും ശ്രമിക്കുന്നതാണ്. ജനങ്ങളുടെ വിശ്വാസം കാത്തുസൂക്ഷിക്കുന്നതിനും സഭയുടെ സുഗമമായ നടത്തിപ്പിനും എല്ലാവരുടെയും സഹായ സഹകരണമുണ്ടാകണമെന്ന് അഭ്യർഥിക്കുന്നു.

ഈ നിയമസഭയിലെ പ്രതിപക്ഷ പാർട്ടികളിൽ ഏറ്റവും കൂടുതൽ അംഗസംഖ്യയുള്ളത് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യാ മാർക്സിസ്റ്റിന് ആയതിനാൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 2(1) അനുസരിച്ച്

പ്രസ്തുത പാർട്ടിയുടെ നേതാവായ ശ്രീ. പിണറായി വിജയനെ സഭയിലെ പ്രതിപക്ഷനേതാവായി അംഗീകരിച്ചിരിക്കുന്നു.

സഭ രാവിലെ 10.52-ന് പിരിഞ്ഞു.

* * * * * * * * * *